## പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ (ഹയർ സെക്കണ്ടറി വിഭാഗം) നടപടിക്രമങ്ങൾ.

**ഹാജർ: ഡോ.പി.പി.പ്രകാശൻ (ജോയിൻറ് ഡയറക്ടർ അക്കാഡമിക്)**

**പൊതു വിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കണ്ടറി വിഭാഗം ഏകജാലക പ്രവേശനം 2020-21 മനേജ്മെൻറ് തർക്കം നിലനിൽക്കുന്ന കൊല്ലം ജില്ലയിലെ മൈനാഗപ്പള്ളി മിലാദി ഷെരീഫ് ഹയർ സെക്കണ്ടറി സ്കൂളിലെ മാനേജ്മെൻറ് ക്വാട്ടാ സീറ്റുകൾ പൊതു മെറിറ്റ് സീറ്റുകളായി പരിഗണിച്ച് പ്രവേശനം നടത്തുവാൻ ഉത്തരവാകുന്നു.**

**ഉത്തരവ് നമ്പർ:ഐ.സി.റ്റി സെൽ/1771/ ഡി.ജി.ഇ -എച്ച്.എസ്സ്.ഇ/2020 തീയതി 12/10/2020**

പരാമർശം:1.) GO(RT) 2356/2020/GEDN Dated Thiruvananthapuram,27/07/2020

2.) പൊതു വിദ്യഭ്യാസ ഡയറക്ടറുടെ 11/08/2020 ലെ ഇതേ നമ്പർ നടപടി ക്രമങ്ങൾ

3) ബഹു: കേരളാ ഹൈക്കോടതിയുടെ 30/09/2020 ലെ WPC 19977/2020 കേസിൻ മേലുള്ള ഇടക്കാല ഉത്തരവ്

സൂചന 1 പ്രകാരം 2020-21 അദ്ധ്യയന വർഷത്തെ പ്ലസ്സ് വൺ പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസ്സ് അംഗീകരിച്ച് ഉത്തരവായിരിക്കുന്നു. സൂചന 2 പ്രകാരം സംസ്ഥാനത്തെ വിവിധ ജില്ലകളിൽ മാനേജ്മെൻറ് തർക്കങ്ങളും കോടതി കേസുകളും നിലവിലുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിലെ മാനേജ്മെൻറ് ക്വാട്ടാ സീറ്റുകൾ പൊതു മെറിറ്റ് സീറ്റുകളായി പരിഗണിച്ച് ഏകജാലക സംവിധാനത്തിലൂടെ പ്രവേശനം നടത്താൻ ഉത്തരവായിരുന്നു. എന്നാൽ കൊല്ലം ജില്ലയിലെ മൈനാഗപ്പള്ളി മിലാദി ഷെരീഫ് ഹയർ സെക്കണ്ടറി സ്കൂളിലെ മാനേജ്മെൻറ് ക്വാട്ടാ സീറ്റുകളിലെ പ്രവേശനത്തെപ്പറ്റി തീരുമാനം എടുത്തിരുന്നില്ല. സൂചന 3 ബഹു: കേരളാ ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് അനുസരിച്ചും പ്രാദേശികമായി പത്താംതരം പാസായ വിദ്യാർത്ഥികളുടെ തുടർപഠന സാധ്യതയും ഭാവിയും കരുതിയും ഹയർസെക്കണ്ടറി ഒന്നാം വർഷ പ്രവേശന നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാലും കൊല്ലം ജില്ലയിലെ മൈനാഗപ്പള്ളി മിലാദി ഷെരീഫ് ഹയർ സെക്കണ്ടറി സ്കൂളിലെ മാനേജ്മെൻറ് ക്വാട്ടാ സീറ്റുകൾ പൊതു മെറിറ്റ് സീറ്റുകളായി പരിഗണിച്ച് ഏകജാലക സംവിധാനത്തിലൂടെ പ്രവേശനം നടത്താൻ ഉത്തരവാകുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർ(ഇൻ ചാർജ്)